**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **30-01-2024 - ൽ മറുപടിയ്ക്ക്**

**ആസ്തിവികസന ഫണ്ട് സംബന്ധിച്ച ഗൈഡ് ലൈൻ പരിഷ്കരിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നിയന്ത്രിത ഓട്ടോണമസ് സ്ഥാപനങ്ങളായ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ എന്നിവയ്ക്ക് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ചെലവഴിച്ച് അക്കാദമിക് ബ്ലോക്കുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിനു അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 21.02.2022 തീയതിയിലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ല എന്ന വിവരം 23.06.2022 തീയതിയിലെ 2077453/എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു.ഗവ.ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 12.10.2022 തീയതിലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്. |
| (ബി) | ആസ്തിവികസന ഫണ്ട് സംബന്ധിച്ച് ഗൈഡ് ലൈൻ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | **ആസ്തിവികസന ഫണ്ടിന്റെയും പ്രത്യേക വികസന ഫണ്ടിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതിചെയ്യുന്നതിനുള്ള നടപടികൾ 2318523/NC-B3/10/2023/FIN എന്ന ഫയലിൽ പുരോഗമിച്ചു വരുകയാണ്. 20/09/2023 ന് നിയമസഭാ സെക്രട്ടറിയേറ്റ് സംഘടിപ്പിച്ച ബഹു. എം.എൽ..എ മാർക്കുള്ള പരിശീലന പരിപാടിയിൽ , 'ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും ബജറ്റ് നടപടി ക്രമവും' എന്ന സെക്ഷനിൽ ആസ്തി വികസന ഫണ്ട്/ പ്രത്യേക വികസന ഫണ്ട് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ ആയതു ലഭ്യമാക്കുവാൻ ബഹു.എം.എൽ.എ മാരോട് ബഹു.ധനകാര്യ വകുപ്പ് മന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ** |

| | | | |
|---|---|---|---|
| | | | **നിയമസഭ സെക്രട്ടറിയേറ്റിനോട് ആയത് ക്രോഡീകരിച്ച് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച് പ്രസ്തുത ഫണ്ടുകളുടെ നിർവ്വഹണ ചുമതലയുള്ള ജില്ലാ നോഡൽ ഓഫീസുകൾ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി അഡീഷണൽ സെക്രട്ടറി തലത്തിൽ ഓൺലൈൻ മീറ്റിംഗ് നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിൽ അഭിപ്രായം രേഖപ്പെടുത്താൻ ഉണ്ടെങ്കിൽ ഉചിതതലത്തിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | പ്രസ്തുത ഗൈഡ് ലൈൻ പരിഷ്കരിക്കുന്നതിന് ധനമന്ത്രി നല്കിയ നിർദ്ദേശം ഒരു വർഷത്തോളമായിട്ടും തീരുമാനമാകാതെ നീളുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തര ഇടപെടൽ നടത്തി പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | (സി) | **ആസ്തിവികസന ഫണ്ടിന്റെയും പ്രത്യേക വികസന ഫണ്ടിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതിചെയ്യുന്നതിനുള്ള നടപടികൾ 2318523/NC-B3/10/2023/FIN എന്ന ഫയലിൽ പുരോഗമിച്ചു വരുകയാണ്. 20/09/2023 ന് നിയമസഭാ സെക്രട്ടറിയേറ്റ് സംഘടിപ്പിച്ച ബഹു. എം.എൽ..എ മാർക്കുള്ള പരിശീലന പരിപാടിയിൽ , 'ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും ബജറ്റ് നടപടി ക്രമവും' എന്ന സെക്ഷനിൽ ആസ്തി വികസന ഫണ്ട്/ പ്രത്യേക വികസന ഫണ്ട് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ ആയതു ലഭ്യമാക്കുവാൻ ബഹു.എം.എൽ.എ മാരോട് ബഹു.ധനകാര്യ വകുപ്പ് മന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഭ സെക്രട്ടറിയേറ്റിനോട് ആയത് ക്രോഡീകരിച്ച് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച് പ്രസ്തുത ഫണ്ടുകളുടെ നിർവ്വഹണ ചുമതലയുള്ള ജില്ലാ നോഡൽ ഓഫീസുകൾ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി അഡീഷണൽ സെക്രട്ടറി തലത്തിൽ ഓൺലൈൻ മീറ്റിംഗ് നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിൽ അഭിപ്രായം രേഖപ്പെടുത്താൻ ഉണ്ടെങ്കിൽ ഉചിതതലത്തിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ